# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2994 — 15.02.2013-ലെ മറുപടിയ്ക്ക്

### എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ഇ. എസ്. ബിജിമോൾ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് സംസ്ഥാനത്ത്എത്ര സെന്ററുകൾ ഉണ്ട് ; ഏതൊക്കെ സ്ഥലത്ത് ; വ്യക്തമാക്കാമോ ; | എ) സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് സംസ്ഥാനത്തെ 14 ജില്ലകളിലെയും ഓരോ കേന്ദ്രങ്ങൾ പരീക്ഷാസെന്ററുകളാണ്. ഓരോ കേന്ദ്രങ്ങളിലും ആവശ്യത്തിന് സ്കൂളുകൾ കണ്ടെത്തി പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുകയാണ് പതിവ്. ഇതിൻ പ്രകാരം ഓരോ ജില്ലയിലേയും പരീക്ഷാ കേന്ദ്രങ്ങളായി പ്രവർത്തിച്ച സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 34 |
| 2 | കൊല്ലം | 24 |
| 3 | പത്തനംതിട്ട | 15 |
| 4 | ആലപ്പുഴ | 17 |
| 5 | കോട്ടയം | 27 |
| 6 | ഇടുക്കി(തൊടുപുഴ) | 10 |
| 7 | എറണാകുളം | 40 |
| 8 | തൃശ്ശൂർ | 39 |
| 9 | പാലക്കാട് | 13 |
| 10 | മലപ്പുറം | 21 |
| 11 | കോഴിക്കോട് | 34 |
| 12 | വയനാട് (കൽപ്പറ്റ) | 3 |
| 13 | കണ്ണൂർ | 21 |
| 14 | കാസറഗോഡ് | 6 |
| | ആകെ | 304 |

| | | |
|---|---|---|
| ബി) | ഇടുക്കി ജില്ലയിലെ കട്ടപ്പനയിൽ പരീക്ഷാസെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) ഇടുക്കി ജില്ലയിൽ തൊടുപുഴ കേന്ദ്രീകരിച്ചാണ് പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നത്. ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് തൊടുപുഴ കേന്ദ്രീകരിച്ച് സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. NEET(UG) അഖിലേന്ത്യ എഞ്ചിനീയറിംഗ് എൻട്രൻസ് തുടങ്ങിയ പരീക്ഷകൾ, കേരളത്തിൽ മൂന്ന് ജില്ലാ ആസ്ഥാനങ്ങളിലെ വിവിധ സെന്ററുകളിൽ വച്ചാണ് നടത്താറുള്ളത്. എന്നാൽ കേരള പ്രവേശനപരീക്ഷ കേരളത്തിൽ എല്ലാ ജില്ലകളിലും ഓരോ സെന്ററിലേയും വിവിധ സ്കൂളുകളിൽ നടത്താറുണ്ട്. ഒരു ജില്ലയിൽ ഒരു സെന്റർ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആ സെന്ററിലെ വിവിധ സ്കൂളുകളിൽ പരീക്ഷ നടത്താറുണ്ട്. ഇടുക്കിയിൽ പുതിയതായി കട്ടപ്പന പരീക്ഷാകേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |
| സി) | പ്രവേശന പരീക്ഷ മലയാളത്തിലും നടത്തുവാൻ നടപടി സ്വീകരിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ